പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1070

02.12.2015-ലെ മറുപടിയ്ക്ക്

പാതിരാമണൽ ടൂറിസം പ്രോജക്ട്

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | ഉത്തരം<br>ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചേർത്തല മുഹമ്മ ഗ്രാമ പഞ്ചായത്തിലെ പാതിരാമണലിന്റെ ടൂറിസം സാധ്യതകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിനും പരിസ്ഥിതി സൗഹൃദ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ | (എ) ചേർത്തല മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണലിന്റെ ടൂറിസം സാധ്യതകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിനും പരിസ്ഥിതി സൗഹൃദ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 'Destination Development of Pathiramanal Bio Park' എന്ന പേരിലുള്ള ഒരു ടൂറിസം പദ്ധതി 29.03.2008-ൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ ആരംഭിച്ചിരുന്നു. എന്നാൽ പരിസ്ഥിതി പ്രവർത്തകരുടെ എതിർപ്പും ബഹു. കോടതി വിധിയെത്തുടർന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ തടസപ്പെടുകയുണ്ടായി. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ഇതിനായി അനുവദിച്ച 400 ലക്ഷം രൂപയിൽ ചെലവഴിക്കാത്ത 350 ലക്ഷം രൂപ കേന്ദ്ര ടൂറിസം വകുപ്പിന്റെ കർശന നിർദ്ദേശത്തിന് വിധേയമായി തിരിച്ചടയ്ക്കുകയുണ്ടായി. |
| (ബി) എത്ര നാളിനുള്ളിൽ പാതിരാമണൽ ടൂറിസം പദ്ധതി നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (ബി) ബഹു. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതി വിധിക്ക് വിധേയമായി മാത്രമേ അനന്തര നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ